Intellect Thought Submission

MSM

mujahid students movement

KERALA

ENLIGHTENING GENERATIONS

CRE

CONTINUING RELIGIOUS EDUCATION

MUJAHID STUDENTS MOVEMENT

# CRE 2025-26

## SESSION 06

## Segment 1

**Objectives**

1. സൂറഃ മനഃപാഠമാക്കൽ.
2. ഖുർആൻ ആശയം ഗ്രഹിച്ച് പഠിക്കാൻ പ്രോത്സാഹനം നൽകൽ.
3. തജ്‌വീദോടു കൂടി ഖുർആൻ പാരായണം ചെയ്യാൻ പ്രചോദിപ്പിക്കൽ.

# സൂറത്തുൽ കാഫിറൂൻ

Surah Al-Kafiroon| Chapter 109| Qari Nishad Ahmed | QuranVerse

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

﴿قُلۡ يَٰٓأَيُّهَا ٱلۡكَٰفِرُونَ﴾ ١

**(നബിയേ) പറയുക : 'ഹേ , അവിശ്വാസികളേ ! –**

قُلْ പറയുക يَا أَيُّهَا الْكَافِرُونَ ഹേ അവിശ്വാസികളേ

لَآ أَعۡبُدُ مَا تَعۡبُدُونَ ﴿٢﴾

**നിങ്ങള്‍ ആരാധിച്ചു വരുന്നതിനെ ഞാന്‍ ആരാധിക്കുന്നില്ല ;-**

لَا أَعْبُدُ ഞാൻ ആരാധിക്കുന്നില്ല, ആരാധിക്കുന്നതല്ല تَعْبُدُونَ مَا നിങ്ങൾ ആരാധിക്കുന്നതിനെ

وَلَآ أَنتُمۡ عَٰبِدُونَ مَآ أَعۡبُدُ ﴿٣﴾

**ഞാൻ ആരാധിച്ചുവരുന്നതിനെ നിങ്ങളും ആരാധിക്കുന്നവരല്ല.**

നിങ്ങളുമല്ല عَابِدُونَ ആരാധിക്കുന്നവർ مَا أَعْبُدُ. ഞാൻ ആരാധിക്കുന്നതിനെ

﴿وَلَآ أَنَا۠ عَابِدٌ مَّا عَبَدتُّمْ ﴾ ٤

**'നിങ്ങൾ ആരാധിച്ചുവന്നതിനെ ( അഥവാ നിങ്ങളുടെ ആരാധന ) ഞാനും ആരാധിക്കുന്നവനല്ല ;-**

وَلَا أَنَا ഞാനുമല്ല, ഞാനല്ലതാനും عَابِدٌ ആരാധിക്കുന്നവൻ مَّا عَبَدتُّمْ നിങ്ങൾ ആരാധിച്ചു വന്നതിനെ (നിങ്ങളുടെ ആരാധന)

﴿وَلَآ أَنتُمْ عَٰبِدُونَ مَآ أَعْبُدُ﴾ ٥

**ഞാൻ ആരാധിച്ചുവരുന്നതിനെ (അഥവാ എന്റെ ആരാധന) നിങ്ങളും ആരാധിക്കുന്നവരല്ല.**

وَلَا أَنتُمْ നിങ്ങളുമല്ല عَابِدُونَ ആരാധിക്കുന്നവർ أَعْبُدُ مَا ഞാൻ ആരാധിക്കുന്നതിനെ (എന്റെ ആരാധന)

﴿لَكُمْ دِينُكُمْ وَلِىَ دِينِ﴾ ٦

**നിങ്ങൾക്ക് നിങ്ങളുടെ മതം ; എനിക്ക് എന്റെ മതവും !**

لَكُمْ നിങ്ങൾക്ക് دِينُكُمْ നിങ്ങളുടെ മതം, നടപടി وَلِيَ എനിക്ക് دِينِ എന്റെ മതം, നടപടി

# തജ്‌വീദ്

## مد منفصل

ഈ സൂറത്തിൽ يَٰٓأَيُّهَا ,  എന്ന ഭാഗത്ത് ദീർഘത്തിനു ശേഷം همزة വന്നിട്ടുണ്ട്.. എന്നാൽ ഇത് **مد متصل** അല്ല. ഇവിടെ തുടർന്ന് വരുന്ന പദത്തിലാണ് همزة വന്നിട്ടുള്ളത്.

ഒരു പദത്തിന്റെ അവസാനത്തിൽ ദീർഘാക്ഷരവും തുടർന്ന് വരുന്ന പദത്തിന്റെ ആദ്യത്തിൽ همزة القطع യും വന്നാൽ 4/5 حركات നീട്ടൽ جائز ആണ് (നീട്ടലും കുറയ്ക്കലും അനുവദനീയമാണ്). ഇതിനെ مد منفصل എന്ന് വിളിക്കുന്നു.

{ദീർഘാക്ഷരത്തിനു ശേഷമുള്ള همزة അതേ പദത്തിൽ തന്നെയാണ് വരുന്നതെങ്കിൽ ആ مدّ നെ المدّ المتّصل എന്ന് പറയുന്നു. അഥവാ ദീർഘാക്ഷരത്തോട് ചേർന്ന് همزة വന്നു എന്ന് സാരം. ഇവിടെ 4/5 حركات നീട്ടി ഓതൽ നിർബന്ധമാണ്.

ദീർഘാക്ഷരത്തിന് ശേഷമുള്ള همزة തുടർന്ന് വരുന്ന പദത്തിലാണ് വന്നതെങ്കിൽ അതിനെ المدّ المنفصل പറയുന്നു ഇവിടെ 4/5 حركات നീട്ടി ഓതൽ അഭികാമ്യമാണ്; നിർബന്ധമില്ല.}

**മറ്റു ഉദാഹരണങ്ങൾ:-**

1) إِنَّآ أَعۡطَيۡنَٰكَ ٱلۡكَوۡثَرَ

2) ٱلَّذِيٓ أَطۡعَمَهُم مِّن جُوعٖ

---

**Segment 2**

**മുസ്ലിമിന്റെ സാമൂഹിക ജീവിതം**

# 2. കുടുംബം

Objectives

1. കുടുംബത്തോടുള്ള ബാധ്യതകൾ ഓർമപ്പെടുത്തൽ.
2. കുടുംബ ബന്ധങ്ങൾ ചേർക്കാൻ പ്രചോദിപ്പിക്കൽ.

---

**മനുഷ്യൻ ഒരു സാമൂഹിക ജീവിയാണ്. ഒറ്റയ്ക്ക് ജീവിക്കുക എന്നത് സാധ്യമല്ല. അതുകൊണ്ടാണ് അല്ലാഹു മനുഷ്യന് കുടുംബം എന്ന വലിയ സംവിധാനത്തെ അനുഗ്രഹമായി നൽകിയത്. ആദമും ഹവ്വയും മുതൽ തന്നെ മനുഷ്യർ കുടുംബമായി ജീവിക്കുന്നുണ്ട്.**

**കുടുംബത്തിന്റെ അടിസ്ഥാനം ഇണകളാണ്.**
**ഇണകൾ പരസ്പരം പ്രണയവും കാരുണ്യവും കൊണ്ട് പാരസ്പര്യത്തോടെ വർത്തിക്കുമ്പോഴാണ് കുടുംബം മനോഹരമാകുന്നത്.**

وَمِنْ ءَايَٰتِهِۦٓ أَنْ خَلَقَ لَكُم مِّنْ أَنفُسِكُمْ أَزْوَٰجًا لِّتَسْكُنُوٓا۟ إِلَيْهَا وَجَعَلَ بَيْنَكُم مَّوَدَّةً وَرَحْمَةً ۚ إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّقَوْمٍ يَتَفَكَّرُونَ

**(സൂറഃ അർറൂം : 21)**

**"നിങ്ങൾക്ക് സമാധാനപൂർവ്വം ഒത്തുചേരേണ്ടതിനായി നിങ്ങളിൽ നിന്ന് തന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും, നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവൻറെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്."**

**മാതാപിതാക്കളോടുള്ള കടമകളെക്കുറിച്ച് നമ്മൾ മുമ്പ് ചർച്ച ചെയ്തത് ഓർമയുണ്ടല്ലോ?**

**നമ്മുടെ വീട്ടിൽ വേറെ ആരോക്കെയുണ്ട്?**

**അനുജന്മാർ, അനുജത്തിമാർ, ജ്യേഷ്ഠ സഹോദരങ്ങൾ, വല്ല്യുമ്മ, വല്ലുപ്പ.....**

**കുടുംബ ബന്ധങ്ങൾ  മനോഹരമാകാൻ നബി (സ്വ) നൽകുന്ന ഒരു പൊതുനിർദ്ദേശം നമ്മൾ കുടുംബത്തിലും പാലിക്കണം :**

**മുതിർന്നവരെ ആദരിക്കുക ചെറിയവരോട് കരുണ കാണിക്കുക.**

لَيْسَ مِنَّا مَنْ لَمْ يَرْحَمْ صَغِيرَنَا، وَيُوَقِّرْ كَبِيرَنَا

**"ചെറിയവരോട് കരുണ കാണിക്കാത്തവനും മുതിർന്നവരെ ബഹുമാനിക്കാത്തവനും തമ്മിൽ പെട്ടവനല്ല."**

**അനിയൻ, അനിയത്തി എന്നിവരോട് കരുണ കാണിക്കുക. ഉപ്പ, ഉമ്മ, ജേഷ്ഠൻ, ജ്യേഷ്ഠത്തി തുടങ്ങി മുതിർന്നവരെ ബഹുമാനിക്കുക. അവർ പറഞ്ഞത് അനുസരിക്കുക, അവർക്ക് കഴിയുന്ന സഹായങ്ങൾ ചെയ്തു കൊടുക്കുക.**

## <u>അനിയൻ അനിയത്തി</u>

---

- **അവരെ ഉപദ്രവിക്കാതിരിക്കുക.**
- **പഠന വിഷയങ്ങളിൽ അവരെ സഹായിക്കുക.**
- **വിദ്യാലയങ്ങളിലേക്ക് പോകുമ്പോൾ അവരെ കൂടെ കൂട്ടുക.**
- **അവർക്ക് ചെറിയ സമ്മാനങ്ങൾ വാങ്ങിച്ചു കൊടുക്കുക.**
- **അവരുടെ കാര്യങ്ങൾ ശ്രദ്ധിക്കുക.**

## <u>മുതിർന്നവർ</u>

- **ബഹുമാനം നൽകുക.**
- **തർക്കങ്ങൾ ഒഴിവാക്കുക.**
- **അവരോട് കയർക്കാതിരിക്കുക.**
- **നല്ല കാര്യങ്ങളിൽ അനുസരിക്കുക.**
- **അവരുടെ ഉപദേശങ്ങൾക്ക് കാതോർക്കുക.**

**<u>Grand Parents:</u>**

**ഉമ്മയുടെയും ഉപ്പയുടെയും മാതാപിതാക്കൾ...**

• അവർ വീട്ടിലുള്ളവരാണെങ്കിൽ,

- അവർക്കൊപ്പം ദിവസവും അൽപ സമയം ചിലവഴിക്കാൻ ശ്രദ്ധിക്കണം.
- അവരുടെ വിശേഷങ്ങൾ തിരക്കുകയും, നിങ്ങളുടെ വിശേഷങ്ങൾ പങ്കുവെക്കുകയും ചെയ്യുക.
- അവരുടെ നല്ല ഓർമകൾക്ക് കേൾവിക്കാരാവുക.

വീട്ടിൽ ഉള്ളവരല്ലെങ്കിൽ;

- അവരെ ഇടക്കിടെ സന്ദർശിക്കുക.
- മറ്റു സമയങ്ങളിൽ ഫോണിൽ വിളിച്ച് വിശേഷങ്ങൾ പങ്കുവെക്കുക.
- അവരെ വീട്ടിലേക്ക് ക്ഷണിക്കുകയും നല്ല ആതിഥേയത്വം ഒരുക്കുകയും ചെയ്യുക.

❖ വീട്ടിലെ എല്ലാവരും ഒരുമിച്ച് ഭക്ഷണം കഴിക്കുകയും, പരസ്പരം വിശേഷങ്ങൾ പങ്കു വെക്കാൻ ദിവസവും അൽപ സമയം മാറ്റിവെക്കുകയും വേണം.

---

പിതൃസഹോദരൻമാരും സഹോദരിമാരും മാതൃസഹോദരൻമാരും സഹോദരിമാരും അവരുടെയെല്ലാം കുടുംബവും മക്കളുമെല്ലാം 'കുടുംബം' എന്നതിൽ ഉൾക്കൊള്ളുന്നുണ്ട്. ഇവർക്കൊക്കെ പുറമെയുള്ള ബന്ധുക്കളുമുണ്ടാകും.

അവർക്കെല്ലാം അവകാശങ്ങളുണ്ടെന്നും അവർക്ക് നന്മ ചെയ്യുകയും അവരോട് ബന്ധം പുലർത്തുകയും ചെയ്യണമെന്നുമാണ് ഇസ്‌ലാം കൽപിക്കുന്നത്.

ഒരിക്കൽ നബി ﷺ പറഞ്ഞു: അല്ലാഹു സൃഷ്ടികളെ പടച്ചു, എന്നിട്ട് അതിൽനിന്ന് വിരമിച്ചപ്പോൾ കുടുംബബന്ധം എഴുന്നേറ്റ് നിന്നു. അങ്ങിനെ അത് പറഞ്ഞു : "കുടുംബബന്ധം മുറിക്കുന്നതിൽനിന്നും നിന്നോട് ശരണം തേടുന്നവന്റെ സ്ഥാനമാണ് ഇത്." അല്ലാഹു പറഞ്ഞു : "അതെ, നിന്നോട് (കുടുംബത്തോട്) ബന്ധംചേർക്കുന്നവനോട് ഞാൻ ബന്ധം ചേർക്കുന്നതാണ്. നിന്നോട് (കുടുംബത്തോട്) ബന്ധം മുറിച്ചവനോട് ഞാൻ ബന്ധം മുറിക്കുന്നതാണ്; ഇത് നീ ഇഷ്ടപെടുന്നില്ലേ?" കുടുംബബന്ധം പറഞ്ഞു ; അതെ. അല്ലാഹു പറഞ്ഞു : അത് നിനക്കുണ്ട്.

(പിന്നെ അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു) നിങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ ഓതുക :

فَهَلْ عَسَيْتُمْ إِن تَوَلَّيْتُمْ أَن تُفْسِدُوا۟ فِى ٱلْأَرْضِ وَتُقَطِّعُوٓا۟ أَرْحَامَكُمْ أُو۟لَٰٓئِكَ ٱلَّذِينَ لَعَنَهُمُ ٱللَّهُ فَأَصَمَّهُمْ وَأَعْمَىٰٓ أَبْصَٰرَهُمْ

**"എന്നാൽ നിങ്ങൾ കൈകാര്യകർതൃത്വം ഏറ്റെടുക്കുകയാണെങ്കിൽ ഭൂമിയിൽ നിങ്ങൾ കുഴപ്പമുണ്ടാക്കുകയും, നിങ്ങളുടെ കുടുംബബന്ധങ്ങൾ വെട്ടിമുറിക്കുകയും ചെയ്തേക്കുമോ? അത്തരക്കാരെയാണ് അല്ലാഹു ശപിച്ചിട്ടുള്ളത്. അങ്ങനെ അവർക്ക് ബധിരത നൽകുകയും, അവരുടെ കണ്ണുകൾക്ക് അന്ധത വരുത്തുകയും ചെയ്തിരിക്കുന്നു."** **(ഖുർആൻ 47:22-23)**

**'കുടുംബബന്ധം ചേർക്കൽ' എന്നാൽ :-**

**- ബന്ധുക്കളോട് നന്മയിൽ വർത്തിക്കൽ.**

**- കഴിയുന്നത്ര നന്മകൾ അവർക്ക് ചെയ്തുകൊടുക്കൽ.**

**- അവർക്ക് ദ്രോഹകരമായ കാര്യങ്ങളിൽ നിന്ന് വിട്ടു നിൽക്കൽ.**

**- ഇടക്കിടെ സന്ദർശിക്കലും സുഖവിവരങ്ങൾ അന്വേഷിക്കലും.**

**- സമ്മാനങ്ങൾ നൽകൽ.**

**- അവരിലെ ദരിദ്രരെ സഹായിക്കൽ.**

**- രോഗികളെ സന്ദർശിക്കൽ.**

**- ക്ഷണം സ്വീകരിക്കലും, അവർക്ക് ആതിഥ്യമരുളലും.**

**- സന്തോഷങ്ങളിൽ പങ്കാളികളാകൽ.**

**- വേദനകളിൽ ആശ്വാസമേകൽ.**

**ബന്ധങ്ങൾ ശക്തിപ്പെടുത്താൻ സഹായിക്കുന്ന എല്ലാ കാര്യങ്ങളും കുടുംബബന്ധം ചേർക്കലിൽ പെടുന്നവയാണ്.**

**അധികം ആളുകളും തങ്ങളോട് ഇങ്ങോട്ട് ബന്ധം പുലർത്തുന്ന ആളുകളോട് മാത്രം ബന്ധം പാലിക്കുന്നവരാണ്. തങ്ങളോട് ഇങ്ങോട്ട് ബന്ധം പുലർത്താത്ത ആളുകളോട് ബന്ധം ചേർക്കാൻ ശ്രദ്ധിക്കാറില്ല. ഒരു സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം എല്ലാവരോടും ബന്ധം പാലിക്കുന്നതോടൊപ്പം ഇങ്ങോട്ട് ബന്ധം ചേർക്കാത്തവന്റെയും കുടുംബബന്ധം അറ്റുപോകാതെ അങ്ങോട്ട് ചേർത്തുകൊണ്ടിരിക്കണം.**

عَنْ عَبْدِ اللَّهِ بْنِ عَمْرٍ عَنِ النَّبِيِّ صلى الله عليه وسلم قَالَ:

**لَيْسَ الْوَاصِلُ بِالْمُكَافِئِ، وَلَكِنِ الْوَاصِلُ الَّذِي إِذَا قَطَعَتْ رَحِمُهُ وَصَلَهَا**

*അബ്ദുല്ലയിൽ നിന്ന്(റ) നിവേദനം: നബി ﷺ അരുളി:*

**“ഇങ്ങോട്ട് ചെയ്ത ഉപകാരത്തിന് പ്രത്യുപകാരം ചെയ്യുന്നവനല്ല കുടുംബബന്ധം പുലർത്തുന്നവൻ. പിന്നെയോ മുറിഞ്ഞുപോയ ബന്ധം പുനസ്ഥാപിക്കുന്നവനാണ്.”**

**നാം അങ്ങോട്ട് ബന്ധം ചേർക്കാൻ ശ്രമിച്ചാലും അകൽച്ചക്ക് ശ്രമിക്കുകയും ഇങ്ങോട്ട് മോശമായി പെരുമാറുകയും ചെയ്യുന്നവരുണ്ടാകും. അതൊന്നും നാം നോക്കേണ്ടതില്ല. അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിച്ചുകൊണ്ട് നമ്മുടെ ഉത്തരവാദിത്തം നാം നിർവഹിക്കുകയാണ് വേണ്ടത്. അത്തരം സന്ദർഭങ്ങളിലെല്ലാം അല്ലാഹുവിന്റെ സഹായം നമുക്ക് ലഭിക്കും.**

**അബൂഹുറൈറയിൽ(റ) വിൽ നിന്ന് നിവേദനം: ഒരാൾ നബി ﷺ യോട് പറഞ്ഞു. “അല്ലാഹുവിന്റെ ദൂതരെ, എനിക്ക് ചില കുടുംബ ബന്ധുക്കളുണ്ട്. ഞാൻ അവരോട് ബന്ധം ചേർക്കുന്നു. അവർ ബന്ധം മുറിക്കുന്നു. ഞാൻ അവർക്ക് നന്മ ചെയ്യുന്നു. അവരെന്നോട് മോശമായി പെരുമാറുന്നു. ഞാനവർക്കുവേണ്ടി ക്ഷമിക്കുന്നു. അവർ എന്നോട് അവിവേകമായി പെരുമാറുന്നു”. അപ്പോൾ നബി ﷺ പറഞ്ഞു. “നീ ഇപ്പറയുന്നതുപോലെ തന്നെയാണ് നിന്റെ സ്ഥിതിയെങ്കിൽ ചൂടുള്ള വെണ്ണീർ നീ അവരെ തീറ്റിയതു പോലെയാണ്. ഈ നില നീ കൈക്കൊള്ളുമ്പോഴെല്ലാം അല്ലാഹുവിങ്കൽ നിന്ന് ഒരു സഹായി നിന്നോടൊന്നിച്ചുണ്ടായിരിക്കും.”**

**ചുടുവെണ്ണീർ തിന്നുന്നവർക്ക് വേദന അനുഭവിക്കേണ്ടിവരുന്നതുപോലെ, അവർക്ക് നിന്റെ ഉപകാരം മൂലം പാപം അനുഭവിക്കേണ്ടി വരുമല്ലോ എന്നു സാരം.**

**കുടുംബക്കാരുമായി ബന്ധം പാലിക്കുകയും ചേർക്കുകയും ചെയ്യുമ്പോൾ അത് വെറും സന്ദർശനത്തിലോ സമ്മാനം നൽകുന്നതിലോ മാത്രം ഒതുക്കരുത്. ഇസ്ലാമിന്റെ സന്ദേശം കൃത്യമായി അറിഞ്ഞിട്ടില്ലാത്തവരം അതനുസരിച്ച് ജീവിക്കാത്തവരും കുടുംബങ്ങളിൽ ഉണ്ടാകും.**

**അത്തരക്കാർക്ക് സ്വർഗ്ഗത്തിലേക്കുള്ള വഴികാണിച്ചു കൊടുക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്.**

**നമ്മുടെ കുടുംബക്കാർ അമുസ്ലിംകൾ ആണെങ്കിൽ അവരോടും നമുക്ക് കടപ്പാടുണ്ടെന്നാണ് ഇസ്ലാം നിഷ്കർഷിക്കുന്നത്.**

**കുടുംബബന്ധം വിഛേദിക്കൽ കടുത്ത പാപം.**

**കുടുംബബന്ധം വിഛേദിച്ചാലുള്ള ദോഷങ്ങൾ:**

**1. അല്ലാഹുവുമായുള്ള ബന്ധം മുറിയും**

**2.കാരുണ്യം ലഭിക്കുകയില്ല**

**3.പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുകയില്ല**

**4.അല്ലാഹുവിന്റെ ശാപം ലഭിക്കും**

**5.കർമ്മങ്ങൾ അല്ലാഹു സ്വീകരിക്കുകയില്ല**

**6.അല്ലാഹുവിന്റെ ശിക്ഷ ഇഹലോകത്ത്  പെട്ടെന്ന് ലഭിക്കും**

**7.സ്വിറാത്ത് പാലത്തിലൂടെ കടക്കാൻ കഴിയില്ല.**

**8.സ്വർഗത്തിൽ പ്രവേശിക്കുകയില്ല.**

**നബി ﷺ പറഞ്ഞു: കുടുംബ ബന്ധം വിഛേദിക്കുന്നവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല.** **(ബുഖാരി: 5984 – മുസ്‌ലിം: 2556)**

**Segment 4** "Get it Cleared"

**താഴെ നൽകുന്ന ഇൻസ്റ്റാഗ്രാം ലിങ്കിലെ (Deen Desk) ചോദ്യവും ഉത്തരവുമാണ് ഈ ആഴ്ച ചർച്ച ചെയ്യുന്നത്.**

https://www.instagram.com/p/DA8OWeFzW_v/?img_index=5&igsh=c29yZW1lbml4dndt

## Segment 5

QURANIC CHAPTERS

26. الشعراء - **അശ്ശുഅറാഅ്** : **കവികൾ**

27. النمل - **അന്നംൽ** : **ഉറുമ്പ്**

28. القصص - **അൽ ഖസസ്** : **കഥാകഥനം**

29. العنكبوت - **അൽ അൻകബൂത്** : **എട്ടുകാലി**

30. الروم - **അർറൂം** : **റോമാക്കാർ**

# ASSIGNMENT

**ഏതെങ്കിലും ലക്കം വിചിന്തനം വാരികയിലെ ഒരു ലേഖനം തിരഞ്ഞെടുത്ത് അതിന്റെ സമ്മറി (സംഗ്രഹം) എഴുതി, ഫോട്ടോ എടുത്ത് അയക്കുക.**

.

CRE WING | MSM Kerala